# വിജ്ഞാപനം

## അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസും ഹോസ്റ്റൽ ഫീസും റീം ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് കോഴ്സ് ഫീസും, ഹോസ്റ്റൽ ഫീസും റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴ്സ് ഫീസായി പരമാവധി 20,000/- രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000/- രൂപയുമാണ് നൽകുന്നത്. അപേക്ഷകർ കേരളാ സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്-പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നവരും നോൺ ക്രിമിലിയർ പരിധിയിൽ ഉൾപ്പെടുന്നവരുമായിരിക്കണം. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം നേരിട്ടു നടത്തുന്ന ഹോസ്റ്റലുകളിലും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിന് അപേക്ഷിക്കാം, അത്തരം സ്ഥാപനങ്ങളിൽ ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീതിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ മേലൊപ്പ് പതിപ്പിക്കേണ്ടതാണ്. അപേക്ഷകരുടെ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് മുൻഗണന നൽകും. 80% അനുകൂല്യം മുസ്ലീം വിദ്യാർത്ഥികൾക്കും, 20% മറ്റു ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്നവർക്കുമായിരിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.minoritywelfare.kerala.gov.in* എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2021 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് 0471-2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**

## I. അപേക്ഷിക്കേണ്ട രീതി:

1. *www.minoritywelfare.kerala.gov.in* എന്ന വെബ്സൈറ്റിൽ Scholarship – Civil Service Fee Reimbursement(CSFR) ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online – ൽ ക്ലിക്ക് ചെയ്യുക.
3. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4. Online – ലൂടെ അപേക്ഷ നൽകിയതിനുശേഷം ലഭിക്കുന്ന User ID & Password വെച്ച് login ചെയ്ത് Photo, Signature, SSLC Certificate, Ration Card Copy, Income Certificate തുടങ്ങിയവ upload ചെയ്യുക.
5. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
6. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടും ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

## II. <u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., ബിരുദം തുടങ്ങിയവ യുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   <u>(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).</u>
4. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
5. വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന്
6. റേഷൻ കാർഡിന്റെ പകർപ്പ് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ മാത്രം)
7. കോഴ്സ് ഫീസ്/ഹോസ്റ്റലർ ഫീസ് അടച്ചതിന്റെ രസീത് (വിദ്യാർത്ഥി സമർപ്പിക്കുന്ന ഹോസ്റ്റൽ രസീത് സ്വകാര്യ സ്ഥാപനത്തിലേതാണെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിയുടെ മേലൊപ്പ് നിർബന്ധമായും പതിപ്പിച്ചിരിക്കേണ്ടതാണ്)

## III. <u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. ഒരു വിദ്യാർത്ഥി ഒന്നിലധികം ഒന്നിലധികം സ്കോളർഷിപ്പ് വാങ്ങുന്നില്ലായെന്ന് സ്ഥാപന മേധാവി ഉറപ്പ് വരുത്തണം.
2. അപേക്ഷകൻ/അപേക്ഷയ്ക്ക് മേൽപ്പറഞ്ഞ സ്കോളർഷിപ്പിന് അർഹത ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
3. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (വെരിഫിക്കേഷൻ & അപ്രൂവൽ) യോഗ്യതയുള്ളവർക്ക് മാത്രമേ സ്ഥാപന മേധാവി അപ്രൂവൽ നൽകാൻ പാടുള്ളൂ.

4. കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് രസീത് (അസ്സൽ) അപേക്ഷയോടൊപ്പം ഉളളടക്കം ചെയ്തിരിക്കണം.
5. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തണം.
6. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം.
7. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
8. സ്ഥാപനമേധാവി അംഗീകരിച്ച അപേക്ഷ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് അയക്കേണ്ട വിലാസം. **ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33**.

## IV. അവസാന തീയതികൾ

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിച്ച് അനുബന്ധ രേഖകൾ സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി: **2021 ജനുവരി 25**
2. സ്ഥാപനമേധാവി ടി അപേക്ഷകൾ സൂക്ഷമ പരിശോധന നടത്തി ഓൺലൈനായി വെരിഫിക്കേഷനും അപ്രൂവൽ നൽകേണ്ട അവസാന തീയതി: **2021 ഫെബ്രുവരി 02**
3. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധ രേഖകളും ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാന തീയതി: **2021 ഫെബ്രുവരി 15**

ഡയറക്ടർ